# പതിമൂന്നാം കേരള നിയമസഭ

## പതിനാറാം സമ്മേളനം

<u>നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.1361</u> <u>11.02.2016 ൽ മറുപടിക്ക്</u>

## <u>ബൈപ്പാസുകൾ</u>

| <u>ചോദ്യം</u> | <u>ഉത്തരം</u> |
|---|---|
| ശ്രീ. വി. ഡി. സതീശൻ<br>ശ്രീ. പി. സി. വിഷ്ണുനാഥ്<br>ശ്രീ. ജോസഫ് വാഴയ്ക്കൻ<br>ശ്രീ. ഹൈബി ഈഡൻ | ശ്രീ. വി. കെ. ഇബ്രാഹിംകുഞ്ഞ്<br>(പൊതുമരാമത്ത് വകുപ്പ് മന്ത്രി) |
| എ) സംസ്ഥാനത്ത് ബൈപ്പാസുകൾ നിർമ്മിക്കാൻ കർമ്മ പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; | എ) സംസ്ഥാനത്ത് ബൈപ്പാസുകൾ നിർമ്മിക്കാൻ മാത്രമായി കർമ്മ പദ്ധതി രൂപവൽകരിച്ചിട്ടില്ല. എന്നാൽ റോഡുകളിലെ ഗതാഗതക്കുരുക്ക് ഒഴിവാക്കാൻ രൂപീകരിച്ച പദ്ധതികളിൽ ബൈപ്പാസുകളും ഉൾപ്പെടും. |
| ബി) എന്തെല്ലാം ഉദ്ദേശ ലക്ഷ്യങ്ങളാണ് ഇതുവഴി കൈവരിക്കാനുദ്ദേശിക്കുന്നത്; | ബി) ഗതാഗതക്കുരുക്കൾ ഒഴിവാക്കുന്നതിനും ഗതാഗതക്കുരുക്ക് കാരണം ഉണ്ടാകുന്ന അപകടങ്ങൾ കുറയ്ക്കുന്നതിനും യാത്രാ സമയം ലാഭിക്കുന്നതിനും സുഗമമായ യാത്രാ സൗകര്യം ഉറപ്പു വരുത്തുകയുമാണ് ബൈപ്പാസുകളുടെ നിർമ്മാണം കൊണ്ടുള്ള ഉദ്ദേശ ലക്ഷ്യം. |
| സി) ഇത് നടപ്പിലാക്കാൻ ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ? | സി) (എ) ദേശീയപാത വിഭാഗത്തിന്റെ കീഴിൽ നിർമ്മാണം നടന്നു കൊണ്ടിരിക്കുന്ന ബൈപ്പാസുകളുടെ വിശദവിവരം ചുവടെ ചേർക്കുന്നു.<br>1. തിരുവനന്തപുരം ബൈപ്പാസ് – കേന്ദ്ര സർക്കാരിന്റെ പൂർണ്ണ ചെലവിൽ ദേശീയപാത അതോറിറ്റി നിർമ്മിക്കുന്ന തിരുവനന്തപുരം |

ബൈപ്പാസ് നിർമ്മാണം പുരോഗമിക്കുകയാണ്. കഴക്കൂട്ടത്ത് നിന്ന് ആരംഭിച്ച് തമിഴ്നാട് അതിർത്തിയിൽ അവസാനിക്കുന്ന തിരുവനന്തപുരം ബൈപ്പാസ് സർവ്വീസ് റോഡോഡുകൂടി നാലുവരിപ്പാതയായാണ് വികസിപ്പിക്കുന്നത്. ഈ ബൈപ്പാസിന്റെ കഴക്കൂട്ടം മുതൽ മുക്കോല വരെയുള്ള 26.5 കി.മീ. ഭാഗത്തെ നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിച്ച് കഴിഞ്ഞു. മുക്കോല മുതൽ തമിഴ്നാട് അതിർത്തി വരെയുള്ള ഭാഗത്തെ സ്ഥലമെടുപ്പ് നടപടികൾ പൂർത്തിയായി വരികയാണ്.

2. കൊല്ലം, ആലപ്പുഴ ബൈപ്പാസുകൾ– കേന്ദ്രസംസ്ഥാന സർക്കാരുകളുടെ തുല്യപങ്കാളിത്തത്തോടെ നിർമ്മിക്കുന്ന കൊല്ലം, ആലപ്പുഴ ബൈപ്പാസുകളുടെ നിർമ്മാണം പുരോഗമിച്ച് വരികയാണ്.
3. കോഴിക്കോട് ബൈപ്പാസ് – ദേശീയപാത 17 ലെ കോഴിക്കോട് ബൈപ്പാസിന്റെ വെങ്ങളം മുതൽ പൂളാടിക്കുന്ന് വരെയുള്ള 5.1 കി.മീ. രണ്ട് വരിപ്പാതയായി 152.75 കോടി രൂപ ചെലവിൽ സംസ്ഥാന സർക്കാർ പൂർത്തീകരിച്ച് ഗതാഗതത്തിന് തുറന്ന് കൊടുത്തിട്ടുണ്ട്. ഈ ബൈപ്പാസ് 4 വരിപ്പാതയാക്കുന്നതിന് ഡി.പി.ആർ. തയ്യാറാക്കുന്നതിനുള്ള നടപടികൾ കേന്ദ്ര സർക്കാർ സ്വീകരിച്ച് വരുന്നു.
4. തലശ്ശേരി – മാഹി ബൈപ്പാസ് – ദേശീയപാത 17–ലെ മുഴിപ്പിലങ്ങാട് മുതൽ അഴിയൂർ വരെയുള്ള 18 കി.മീ. ദൈർഘ്യമുള്ളതാണ് ഈ ബൈപ്പാസ്. ഇത് നാല് വരിയായി വികസിപ്പിക്കുന്നതിന് ഡി.പി.ആർ. തയ്യാറാക്കുന്നതിനുള്ള നടപടികൾ കേന്ദ്ര സർക്കാർ സ്വീകരിച്ച് വരുന്നു.
5. തൃപ്പൂണിത്തുറ ബൈപ്പാസ് –

തൃപ്പൂണിത്തുറ ബൈപ്പാസിന്റെ അലൈൻമെന്റ് കേന്ദ്ര സർക്കാർ അംഗീകരിച്ചിട്ടുണ്ട്. സ്ഥലമെടുപ്പിനായി 984.46 കോടി രൂപയുടെയും നിർമ്മാണത്തിനായി 315.71 കോടി രൂപയുടെയും ഡി.പി.ആർ. കേന്ദ്ര സർക്കാരിന്റെ അംഗീകാരത്തിനായി സമർപ്പിച്ചിരിക്കുകയാണ്.

6. മൂവാറ്റുപുഴ ബൈപ്പാസ് – 4.39 കി.മീ. ദൈർഘ്യമുള്ള മൂവാറ്റുപുഴ ബൈപ്പാസ് 45 മീറ്റർ വീതിയിൽ നിർമ്മിക്കുന്നതിനുള്ള അലൈൻമെന്റും ഭൂമി ഏറ്റെടുക്കുന്നതിനായി 298.17 കോടി രൂപയുടെ എസ്റ്റിമേറ്റും കേന്ദ്ര സർക്കാരിന്റെ അംഗീകാരത്തിനായി സമർപ്പിച്ചിരിക്കുകയാണ്. ഡി.പി.ആർ. തയ്യാറാക്കുന്നതിനുള്ള ടെണ്ടർ നടപടികൾ നടന്നു വരുന്നു.
7. കോതമംഗലം ബൈപ്പാസ് – 3.339 കി.മീ. ദൈർഘ്യമുള്ള കോതമംഗലം ബൈപ്പാസ് 45 മീറ്റർ വീതിയിൽ നിർമ്മിക്കുന്നതിനുള്ള അലൈൻമെന്റും 9.45 ഹെക്ടർ ഭൂമി ഏറ്റെടുക്കുന്നതിനുള്ള 103.67 കോടി രൂപയുടെ എസ്റ്റിമേറ്റും കേന്ദ്ര സർക്കാരിന്റെ അംഗീകാരത്തിനായി സമർപ്പിച്ചിട്ടുണ്ട്. ഡി.പി.ആർ. തയ്യാറാക്കുന്നതിനുള്ള നടപടികൾ നടന്നു വരുന്നു.
8. താമരശ്ശേരി ബൈപ്പാസ് – ദേശീയപാത 212–ൽ 3.6 കി.മീ. ദൈർഘ്യമുള്ള ഈ ബൈപ്പാസിന്റെ നിർമ്മാണം സംസ്ഥാന ഫണ്ട് ഉപയോഗിച്ച് നിർമ്മിക്കുന്നതിനുള്ള ഇൻവെസ്റ്റിഗേഷൻ പ്രവൃത്തി പൂർത്തിയായി വരുന്നു.
9. സുൽത്താൻ ബത്തേരി ബൈപ്പാസ്– ദേശീയപാത 212–ൽ 5 കി.മീ. ദൈർഘ്യമുള്ള ഈ ബൈപ്പാസിന്റെ നിർമ്മാണം ഡിസ്ട്രിക്ട് ഫ്ളാഗ് ഷിപ്പ് ഇൻഫ്രാസ്ട്രക്ച്ചർ പദ്ധതിയിൽ ഉൾപ്പെടുത്തി നിർമ്മിക്കാനാണ് ഉദ്ദേശിക്കുന്നത്. ഇതിന്റെ

ഇൻവെസ്റ്റിഗേഷൻ പ്രവൃത്തിക്കുള്ള നടപടികൾ സ്വീകരിച്ച് വരുന്നു.

10. മണ്ണാർക്കാട് ബൈപ്പാസ് – ദേശീയപാത 213–ൽ 8.5 കി.മീ. ദൈർഘ്യമുള്ള ഈ ബൈപ്പാസിന്റെ നിർമ്മാണം കേന്ദ്ര സർക്കാരിന്റെ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. അതിന്റെ ഡി.പി.ആർ. തയ്യാറാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വരുന്നു.

(ബി) പൊതുമരാമത്ത് വകുപ്പിന്റെ നിരത്തുകളും പാലങ്ങളും വിഭാഗം ഏറ്റെടുത്ത് നടത്തുന്ന ബൈപ്പാസുകളുടെ നിർമ്മാണം സംബന്ധിച്ച വിശദ വിവരങ്ങൾ അനുബന്ധമായി വച്ചിരിക്കുന്നു.

സെക്ഷൻ ഓഫീസർ

അനുബന്ധം I

## പ്രവൃത്തി പുരോഗമിക്കുന്ന ബൈപ്പാസുകൾ

| ബൈപ്പാസുകളുടെ പദ്ധതി | | ഡിവിഷൻ | | നിലവിലെ സ്ഥിതി |
|---|---|---|---|---|
| വർക്കല ബൈപ്പാസ് | - | തിരുവനന്തപുരം | - | ഭരണാനുമതി ലഭിച്ചിട്ടുണ്ട് |
| ശാർക്കര മഞ്ചാടിമൂട് ബൈപ്പാസ് | - | തിരുവനന്തപുരം | - | ടെൻഡർ നടപടികൾ പുരോഗമിച്ചു വരുന്നു. |
| അഞ്ചൽ ബൈപ്പാസ് | - | കൊല്ലം | - | 1-ാം ഘട്ട പ്രവൃത്തികൾ പുരോഗമിക്കുന്നു. 2-ാം ഘട്ടത്തിനായി 15 കോടിയുടെ എസ്റ്റിമേറ്റ് സർക്കാരിൽ സമർപ്പിച്ചിട്ടുണ്ട്. |
| കോന്നി ബൈപ്പാസ് | - | പത്തനംതിട്ട | - | ഇൻവെസ്റ്റിഗേഷൻ കഴിഞ്ഞ് സ്ഥലം ഏറ്റെടുക്കുന്നതിനുള്ള നടപടികൾ തുടങ്ങി |
| പന്തളം | - | പത്തനംതിട്ട | - | ഇൻവെസ്റ്റിഗേഷൻ വർക്കിന്റെ ദർഘാസ് ക്ഷണിച്ചു |
| കടുത്തുരുത്തി ബൈപ്പാസ് (Phase –I) | - | കോട്ടയം | - | 90% പണികൾ പൂർത്തിയാക്കിയിട്ടുണ്ട് |
| കടുത്തുരുത്തി ബൈപ്പാസ് (Phase –II) | - | കോട്ടയം | - | 2250 ലക്ഷം രൂപയുടെ ഭരണാനുമതി ലഭിച്ചിട്ടുണ്ട്. സിഇ/ആർ&ബി/8488/കെ.റ്റി.എം/2013 തീയതി 20/11 15 പ്രകാരം സാങ്കേതികാനുമതിക്കായി സർക്കാരിലേയ്ക്ക് സമർപ്പിച്ചിട്ടുണ്ട്. |
| ചങ്ങനാശ്ശേരി വെസ്റ്റേൺ ബൈപ്പാസ് | - | കോട്ടയം | - | 5700 ലക്ഷം രൂപയുടെ ഭരണാനുമതി ലഭിച്ചു. സർവ്വേ വേലകൾ പൂർത്തിയായി. തണ്ണീർതടം നികത്തുന്നതിനായിട്ടുള്ള അനുമതി ഗവൺമെന്റിൽ സമർപ്പിച്ചു. ഉമ്മൻ.പി.ഉമ്മൻ കമ്മറ്റി സ്ഥലം പരിശോധിച്ചു. തുടർ നടപടി ആയിട്ടില്ല. |
| മുണ്ടക്കയം ബൈപ്പാസ് | - | കോട്ടയം | - | പണികൾ പുരോഗമിക്കുന്നു. |
| പട്ടിത്താനം- ഏറ്റുമാനൂർ മണർകാട് ബൈപ്പാസ് | - | കോട്ടയം | - | Rs. 2415ലക്ഷം രൂപയുടെ ഭരണാനുമതി ലഭിക്കുകയും, Phase I പൂർത്തീകരിച്ചു Phase I I സ്ഥലമെടുപ്പു നടപടികൾ പുരോഗമിക്കുന്നു |
| അയർക്കുന്നം - കുറ്റില്ല ബൈപ്പാസ് | - | കോട്ടയം | - | സ്ഥലമെടുപ്പ് പണികൾ പുരോഗമിക്കുന്നു |
| കാഞ്ഞിരപ്പള്ളി ബൈപ്പാസ് | - | കോട്ടയം | - | സ്ഥലമെടുപ്പ് പണികൾ പുരോഗമിക്കുന്നു |
| തങ്കളം - കോഴിപ്പള്ളി പുതിയ ബൈപ്പാസ് | - | മൂവാറ്റുപുഴ | - | സ്ഥലം ഏറ്റെടുപ്പു പണികൾ പുരോഗമിക്കുന്നു. |
| പെരുമ്പാവൂർ ബൈപ്പാസ് | - | മൂവാറ്റുപുഴ | - | സ്ഥലം ഏറ്റെടുപ്പു പണികൾ തുടങ്ങേണ്ടതായിട്ടുണ്ട്. |
| മൂവാറ്റുപുഴ ബൈപ്പാസ് | - | മൂവാറ്റുപുഴ | - | സ്ഥലം ഏറ്റെടുപ്പ് പണികൾ പുരോഗമിക്കുന്നു. |
| മുറിക്കല്ല് പാലം & ബൈപ്പാസ് | - | മൂവാറ്റുപുഴ | - | പാലത്തിന്റെ പണി പുരോഗതിയിലാണ് |
| പെരുവ-പിറവം ബൈപ്പാസ് | - | മൂവാറ്റുപുഴ | - | ഇൻവെസ്റ്റിഗേഷൻ പണികൾ പുരോഗമിക്കുന്നു. |
| കണ്ടിയൂർ ബൈപ്പാസ് | - | ആലപ്പുഴ | - | ടെൻഡറിന് സർക്കാരിൽ നിന്നും അംഗീകാരം ലഭിച്ചിട്ടുണ്ട്. |
| ചെങ്ങന്നൂർ ബൈപ്പാസ് | - | ആലപ്പുഴ | - | First reach –ടെൻഡർ അനുമതി ലഭിച്ചു Second reach സ്ഥലമെടുപ്പ് നടപടികൾ പുരോഗതിയിലാണ് |

| | | | | |
|---|---|---|---|---|
| ..പൈനാവ്- ഇടുക്കി ബൈപ്പാസ് റോഡ് | - | ഇടുക്കി | | ഭരണാനുമതിക്കായി 185 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് CE/R&B/IDK/11541/15 dated, 05/10/2015 പ്രകാരം ഗവൺമെന്റിൽ സമർപ്പിച്ചിട്ടുണ്ട്. |
| ചേലക്കര ബൈപ്പാസ് | | തൃശ്ശൂർ | - | 400 ലക്ഷം രൂപയ്ക്ക് 2009 -ൽ ഭരണാനുമതി ലഭിച്ചിട്ടുണ്ട്. പ്രവൃത്തി ആരംഭിക്കാൻ കഴിയാത്തതിനാൽ 2500 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് പുതുക്കിയ ഭരണാനുമതിക്കായി CE/R&B/TSR/842/09 dated, 12/06/15 പ്രകാരം ഗവൺമെന്റിൽ സമർപ്പിച്ചിട്ടുണ്ട്. |
| അമലനഗർ മണ്ണൂത്തി ബൈപ്പാസ് | - | തൃശ്ശൂർ | - | 700 ലക്ഷം രൂപയ്ക്ക് ഭരണാനുമതി ലഭിച്ചിട്ടുണ്ട് - ഒന്നാം ഘട്ടം അലൈൻമെന്റ് പ്ലാനിന്റെ അംഗീകാരത്തിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |
| അകത്തേത്തറ ബൈപ്പാസ് | - | പാലക്കാട് | - | എഗ്രിമെന്റ് വെച്ചിട്ടുണ്ട്. നിലവിൽ കേസ് ഉള്ളതിനാൽ പ്രവൃത്തി തുടങ്ങിയിട്ടില്ല. |
| യാക്കര - തിരുനെല്ലായി ബൈപ്പാസ് | - | പാലക്കാട് | - | പ്രവൃത്തി നടന്നു വരുന്നു. |
| കുനിശ്ശേരി ബൈപ്പാസ് | - | പാലക്കാട് | - | പ്രവൃത്തി നടന്നു വരുന്നു. |
| തത്തമംഗലം ബൈപ്പാസ് | - | പാലക്കാട് | - | വിശദമായ എസ്റ്റിമേറ്റ് ഭരണാനുമതിയായി സമർപ്പിച്ചിട്ടുണ്ട്. |
| കൊല്ലംകോട് ബൈപ്പാസ് | - | പാലക്കാട് | - | സ്ഥലം ഏറ്റെടുക്കുന്നതിനുള്ള നടപടി പുരോഗമിച്ചു വരുന്നു. |
| കൽമണ്ഡപം ബസ് സ്റ്റാൻഡ് ബൈപ്പാസ് | - | പാലക്കാട് | - | പ്രവൃത്തി പുരോഗമിക്കുന്നു |
| ഒറ്റപ്പാലം ബൈപ്പാസ് | - | പാലക്കാട് | - | പരിസരവാസികളുടെ എതിർപ്പു മൂലം സ്ഥലം ഏറ്റെടുക്കുവാൻ സാധിച്ചിട്ടില്ല. |
| നരിക്കുനി ബൈപ്പാസ് | - | കോഴിക്കോട് | - | സ്ഥലത്തിന്റെ നെഗോഷ്യേറ്റഡ് പർച്ചേസിനു വേണ്ടി കളക്ടർക്ക് അപേക്ഷ സമർപ്പിച്ചു. |
| പേരാമ്പ്ര ബൈപ്പാസ് | - | കോഴിക്കോട് | - | സോഷ്യോ എക്കണോമിക് സർവേ റിപ്പോർട്ട് CE/R&B/KKD/10228/09 dated, 16/12/14 ൽ സർക്കാരിൽ അംഗീകാരത്തിനായി സമർപ്പിച്ചിട്ടുണ്ട്. |
| കോടഞ്ചേരി ബൈപ്പാസ് | - | കോഴിക്കോട് | - | ടെൻഡർ നടപടികൾ പൂർത്തീകരിച്ചു |
| കുറ്റ്യാടി ബൈപ്പാസ് | - | കോഴിക്കോട് | - | Wet land നികത്തുന്നതിനുള്ള അനുമതി ലഭിക്കേണ്ടതുണ്ട്. |
| കൂരാച്ചുണ്ട് ബൈപ്പാസ് | - | കോഴിക്കോട് | - | സ്ഥലം ഏറ്റെടുക്കൽ നടപടി അടങ്കൽ പകർപ്പ് ലഭ്യമാക്കാൻ റവന്യൂ വകുപ്പിലേക്ക് ആവശ്യപ്പെട്ടിട്ടുണ്ട്. |
| നിലമ്പൂർ ബൈപ്പാസ് | - | മഞ്ചേരി | - | 35 കോടി രൂപയുടെ ഭരണാനുമതി ലഭിച്ചിട്ടുണ്ട്. ലാന്റ് അക്വസിഷൻ നടപടികൾ പൂർത്തിയായി വരുന്നു. |
| കർമ്മ ബൈപ്പാസ് | - | മഞ്ചേരി | - | ഒന്നാം ഘട്ടം അന്തിമ ഘട്ടത്തിലാണ് രണ്ടാം ഘട്ടത്തിന്റെ സ്ഥലം ഏറ്റെടുക്കേണ്ടതായുണ്ട് |
| പൊൻമുണ്ടം ബൈപ്പാസ് | - | മഞ്ചേരി | - | ഒന്നാം റീച്ചിൽ ROB യുടെ പ്രവൃത്തി നടത്തേണ്ടതായിട്ടുണ്ട്. മറ്റ് പണികൾ പൂർത്തീകരിച്ചിട്ടുണ്ട്. രണ്ടും മൂന്നും റീച്ചിന്റെ സ്ഥലമെടുപ്പ് നടപടികൾ പുരോഗമിക്കുന്നു. നാലാം റീച്ച് പ്രവൃത്തി പൂർത്തീകരിച്ചിട്ടുണ്ട്. |

| | | | | |
|---|---|---|---|---|
| കഞ്ഞിപ്പുര മൂടാൽ ബൈപ്പാസ് | | മഞ്ചേരി | - | സ്ഥലം ലഭ്യമായ ഭാഗത്ത് പ്രവൃത്തി പുരോഗമിക്കുന്നു. ബാക്കി സ്ഥലം ഏറ്റെടുക്കൽ നടപടി പൂർത്തിയായി വരുന്നു. |
| കോട്ടയ്ക്കൽ ബൈപ്പാസ് | | മഞ്ചേരി | - | 1ഉം-2ഉം റീച്ചുകൾ പൂർത്തിയായി 3-ാം റീച്ചിന്റെ സ്ഥലമേറ്റെടുപ്പ് നടപടികൾ തുടങ്ങി. |
| മേപ്പാടി ബൈപ്പാസ് | - | വയനാട് | - | സ്ഥലം ഏറ്റെടുക്കുന്നതിനുള്ള നടപടികൾ നടന്നു വരുന്നു. |
| കണ്ണൂർ -ടൗൺ ബൈപ്പാസ് | - | കണ്ണൂർ | - | പദ്ധതിയുടെ ടെൻഡർ നടപടികൾ പുരോഗമിച്ചുവരുന്നു. |